"ഗുണമേന്മയുള്ള വിദ്യാഭ്യാസം
ഓരോ കുട്ടിയുടെയും അവകാശം"

സമഗ്ര ഗുണമേന്മാ പദ്ധതി

# അക്കാദമിക മാസ്റ്റർ പ്ലാൻ
# 2025-26

## TSAMUPS MATTATHUR
## LP വിഭാഗം



# ആമുഖം

അനുദിനം മാറിക്കൊണ്ടിരിക്കുന്ന ലോകത്തിൽ സക്രിയമായി ഇടപെട്ട് ജീവിതാവശ്യമായ ശേഷികളും ധാരണകളും മനോഭാവങ്ങളും രൂപീകരിച്ച് സമൂഹത്തെ മുന്നോട്ട് നയിക്കാൻ വ്യക്തികളെ പ്രാപ്തരാക്കുക എന്നതാണല്ലോ വിദ്യാഭ്യാസത്തിന്റെ ആത്യന്തിക ലക്ഷ്യം. വ്യക്തികളുടെ വികാസത്തിലൂടെ സാമൂഹിക പുരോഗതിയാണ് നാം ലക്ഷ്യം വെക്കുന്നത്.

കേരളം മറ്റ് പല രംഗങ്ങളിലുമെന്ന പോലെ വിദ്യാഭ്യാസ രംഗത്തും ഏറെ നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട്. പൊതുവിദ്യാഭ്യാസമെന്ന ആശയം അതിന്റെ അർത്ഥപൂർണമായ തലത്തിൽ നടപ്പിലാക്കി കൊണ്ടിരിക്കുന്ന കാലഘട്ടമാണ് ഇത്. വിദ്യാലയത്തിലെ ഭൗതികസൗകര്യം മെച്ചപ്പെടുന്നതോടൊപ്പം ഗുണനിലവാരം, അവസരതുല്യത, ലിംഗസമത്വം, ഉൾക്കൊള്ളൽ മാനവികത, എന്നിവയ്ക്ക് പ്രാധാന്യം നൽകുക കൂടി നമ്മുടെ കടമയായി കരുതേണ്ട അവസരമാണിത്. പൊതുവിദ്യാഭ്യാസം എന്ന ആശയം പ്രസ്തുത ലക്ഷ്യങ്ങൾക്ക് ഊന്നൽ നൽകി തനതായ രീതിയിൽ നടപ്പിലാക്കി കൊണ്ടിരിക്കുന്ന സംസ്ഥാനമാണ് കേരളം.

സംസ്ഥാനത്ത് നടപ്പിലാക്കിയ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം വിദ്യാഭ്യാസ രംഗത്ത് അഭൂതപൂർവ്വമായ ഉണർവ് സൃഷ്ടിച്ചു. ഇതിന്റെ ഭാഗമായി വിദ്യാലയങ്ങൾ ഭൗതികരംഗത്തും അക്കാദമിക രംഗത്തും ഏറെ

നേട്ടങ്ങൾ കൈവരിച്ചു. പൊതുവിദ്യാലയങ്ങളിലേക്ക് മുൻകാലങ്ങളിലില്ലാത്ത വിധം ലക്ഷക്കണക്കിന് കുട്ടികൾ പുതുതായി വന്ന് ചേർന്നു. സമൂഹത്തിന് പൊതുവിദ്യാലയങ്ങളിലുള്ള വിശ്വാസം വർധിച്ചതിന്റെ സൂചനയാണിത്.

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി അക്കാദമിക രംഗം കൂടുതൽ ശക്തമാക്കുന്നതിനായി എല്ലാ വിദ്യാലയങ്ങളിലും അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നു. ദേശീയ, അന്തർദേശീയ തലങ്ങളിൽ നടന്ന വിവിധ പഠനങ്ങളിൽ കേരളം വിദ്യാഭ്യാസത്തിൽ ഏറെ മുന്നിലാണെന്ന് സൂചിപ്പിച്ചിട്ടുണ്ട്.

ലോകത്തിലാകമാനം കേരളം മാതൃകയാണെന്ന് അഭിമാനം കൊള്ളുമ്പോഴും വിദ്യാഭ്യാസ രംഗത്ത് നാം കൈവരിച്ച നേട്ടങ്ങൾ ഓരോ വിദ്യാർത്ഥിക്കും ദേശ, ഭാഷ, വർഗ്ഗ, വർണ്ണ, ലിംഗ ഭേദമന്യേ ലഭ്യമാക്കുക എന്ന ലക്ഷ്യം കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടോ എന്ന് ചിന്തിക്കേണ്ടതുണ്ട്. വിദ്യാഭ്യാസ അവകാശ നിയമത്തിൽ പരാമർശിക്കുന്ന വിദ്യാർത്ഥിയുടെ അവകാശമായ ഗുണമേന്മയുള്ള വിദ്യാഭ്യാസം എല്ലാവർക്കും എന്ന ലക്ഷ്യം നിറവേറ്റുന്നതിന് നമ്മുടെ വിദ്യാലയങ്ങളെ സമൂലമായി മാറ്റിയെടുക്കേണ്ടതുണ്ട്. അതിനായി വിദ്യാലയ സമൂഹവും അധ്യാപകരും വിദ്യാഭ്യാസ സംവിധാനങ്ങളും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും കൂട്ടായി യത്നിക്കണം. നമ്മുടെ വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റാനുള്ള ശ്രമത്തിന്റെ ഭാഗമാണ് അക്കാദമിക മാസ്റ്റർ പ്ലാൻ.

# അടിസ്ഥാന വിവരങ്ങൾ

| | |
|---|---|
| • വിദ്യാലയത്തിന്റെ പേര് | : ടി. എസ്. എ. എം. യു. പി. സ്കൂൾ, മറ്റത്തൂർ |
| • വിലാസം | : മറ്റത്തൂർ പി. ഒ, ഒതുക്കുങ്ങൽ |
| • സ്കൂൾ കോഡ് | : 19870 |
| • ഫോൺ നമ്പർ | : 9946770543 |
| • സബ്ജില്ല | : വേങ്ങര |
| • വിദ്യാഭ്യാസ ജില്ല | : തിരൂരങ്ങാടി |
| • റവന്യൂ ജില്ല | : മലപ്പുറം |
| • ബി. ആർ. സി | : വേങ്ങര |
| • സി. ആർ. സി | : ഒതുക്കുങ്ങൽ |
| • ഗ്രാമ പഞ്ചായത്ത് | : ഒതുക്കുങ്ങൽ |
| • ബ്ലോക്ക് പഞ്ചായത്ത് | : മലപ്പുറം |
| • ജില്ലാ പഞ്ചായത്ത് | : മലപ്പുറം |
| • നിയമസഭാ മണ്ഡലം | : വേങ്ങര |
| • ലോക്സഭാ മണ്ഡലം | : മലപ്പുറം |
| • താലൂക്ക് | : തിരൂരങ്ങാടി |
| • വില്ലേജ് | : ഒതുക്കുങ്ങൽ |
| • ഇ-മെയിൽ | : tsamupschoolmattathur@gmail.com |
| • ഫെയ്സ് ബുക്ക് | : tsamupschool mattathur |

## ലക്ഷ്യങ്ങൾ

* ഓരോ ക്ലാസുകളിലും ഓരോ വിഷയങ്ങളുമായി ബന്ധപ്പെട്ട് നേടേണ്ട മൂല്യവും ശേഷികളും ലഭ്യമായെന്ന് ഉറപ്പാക്കുക
* ഓരോ കുട്ടിയിലുമുള്ള കഴിവുകൾ കണ്ടെത്തുകയും അത് പരിപോഷിപ്പിക്കാനാവശ്യമായ അവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യുക
* കുട്ടിക്ക് മികവാർന്ന പഠനാന്തരീക്ഷവും ഭൗതിക സാഹചര്യങ്ങളും ഒരുക്കിക്കൊടുക്കുക.
* ഓരോ വിഷയവുമായി ബന്ധപ്പെട്ട് മികവാർന്ന പ്രവർത്തനങ്ങൾ കാഴ്ച വയ്ക്കുന്നതിന് അധ്യാപകർക്ക് വിവിധ പരിശീലനങ്ങൾ നൽകുക.
* പാഠ്യ പാഠ്യേതര പ്രവർത്തനങ്ങൾക്കാവശ്യമായ ഭൗതിക സാഹചര്യം ഒരുക്കുക
* ഗവേഷണാത്മക അധ്യാപനത്തിനും ഗവേഷണാത്മക പഠനത്തിനും അവസരമൊരുക്കുക.
* പഠന പിന്നോക്കാവസ്ഥ നേരിടുന്നവരെ കണ്ടെത്തി അവർക്കാവശ്യമായ ക്ലാസുകളും പഠനതന്ത്രങ്ങളും ആവിഷ്കരിക്കുക
* വിദ്യാലയം തന്നെ പുസ്തകം എന്ന രീതിയിലേക്ക് വിദ്യാലയത്തിന്റെ ഭൗതികാന്തരീക്ഷം മാറ്റിയെടുക്കുക.
* ലഘു പഠനയാത്രകൾ, പഠനക്യാമ്പുകൾ, ശിൽപശാലകൾ വിദഗ്ദരുടെ ക്ലാസുകൾ, സെമിനാറുകൾ, പ്രോജക്ടുകൾ തുടങ്ങിയ വൈവിധ്യമാർന്ന പഠനതന്ത്രങ്ങൾ പ്രയോജനപ്പെടുത്തുക.

* പുതിയ തലമുറയിൽ കൃഷിയോടുള്ള താൽപര്യം വളർത്തിയെടുക്കുക
* ലഹരി വസ്തുക്കളുടെ ഉപയോഗത്തിൽ നിന്ന് കുട്ടികളെ അകറ്റുക, അതിന്റെ ദൂഷ്യഫലങ്ങളെ കുറിച്ച് അവരെ ബോധവാൻമാരാക്കുക
* പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾക്ക് പ്രത്യേക പരിഗണന നൽകി മുഖ്യധാരയിലെത്തുക.
* തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന് അവസരമൊരുക്കുക.
* കുട്ടികൾക്കായി ഗൈഡൻസ്, കൗൺസലിംഗ് സൗകര്യങ്ങൾ ഒരുക്കുക.
* സമൂഹവുമായി വിദ്യാലയത്തെ ബന്ധിപ്പിക്കുന്നതിനുള്ള പരമാവധി പ്രവർത്തനങ്ങളിൽ ഏർപ്പെടുക.
* കുട്ടികളിൽ വായനയെ പരിപോഷിപ്പിക്കുന്നതിനായി ലൈബ്രറി ശാക്തീകരണം നടപ്പിലാക്കുക
* കുട്ടികളിലെ കായികക്ഷമത ഉറപ്പ് വരുത്തുന്നതിനാവശ്യമായ രീതിയിൽ കായിക പ്രവർത്തനങ്ങൾ നടപ്പിലാക്കുക.
* കുട്ടികൾ തമ്മിലും, അധ്യാപകർ തമ്മിലും, കുട്ടികളും അധ്യാപകരും തമ്മിലും, അധ്യാപകരും സമൂഹവും തമ്മിലും ഊഷ്മളമായ ബന്ധങ്ങൾ ഉണ്ടാകാനുതകുന്ന പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.
* ഓരോ വിദ്യാർത്ഥിക്കും വിദ്യാലയാന്തരീക്ഷവും പഠന പ്രവർത്തനങ്ങളും അങ്ങേയറ്റം ആസ്വാദ്യകരമാക്കുക.

# അക്കാദമിക കലണ്ടർ

| ക്രമ നമ്പർ | പരിപാടിയുടെ പേര് | നിർവഹണ കാലം |
|---|---|---|
| 1. | പാട്ടരങ്ങ് | ജൂൺ - മാർച്ച് |
| 2. | സാമൂഹ്യശാസ്ത്ര ഡയറി | ജൂൺ - മാർച്ച് |
| 3. | വായനോത്സവം | ജൂൺ - മാർച്ച് |
| 4. | കലോത്സവം | ഡിസംബർ - മാർച്ച് |
| 5 | നിർമ്മാണ ശില്പശാല | ആഗസ്റ്റ് |
| 6 | ഫലോത്സവം | ജനുവരി - മാർച്ച് |
| 7. | വിദ്യാപ്രവേശ പ്രവർത്തനങ്ങൾ | ജൂൺ 2 - ജൂൺ 17 |
| 8 | വിലയിരുത്തൽ | ജൂൺ - മാർച്ച് |
| 9. | റീഡേഴ്സ് തിയേറ്റർ | ആഗസ്റ്റ് - മാർച്ച് |
| 10 | വിജയസ്പർശം | ജൂലൈ - ഫെബ്രുവരി |
| 11. | ദ്വിഭാഷോത്സവം | ജനുവരി - മാർച്ച് |
| 12. | ഗണിത കേളികൾ | ജൂൺ - മാർച്ച് |
| 13 | ശുചിത്വ സർവ്വേ | ജൂൺ - ജൂലൈ |
| 14 | പ്രകൃതി നടത്തം | സെപ്തംബർ |
| 15. | പാദമുദ്ര | ജൂലൈ - ഫെബ്രുവരി |
| 16. | Fighter bee | ജൂലൈ - ഫെബ്രുവരി |
| 17. | വെളിച്ചം | ജൂലൈ - ഫെബ്രുവരി |
| 18. | TS - എക്സലൻസ് | ജൂലൈ - ഫെബ്രുവരി |
| 19. | വിൻ ദ ഗോൾ | ജൂലൈ - ഫെബ്രുവരി |
| 20 | ലിറ്റിൽ ജീനിയസ്, ലിറ്റിൽ എക്സ്പർട്ട്സ് | ജനുവരി - ഫെബ്രുവരി. |
| 21 | | |

# ക്ലാസ്സ്: 1

# ആമുഖം

ഒന്നാം ക്ലാസിലെ പാഠപുസ്തകം 2024·25 വർഷം പരിഷ്കരിക്കുകയും ഒന്നാം വർഷത്തെ വിനിമയാനുഭവങ്ങളുടെ അടിസ്ഥാനത്തിൽ മെച്ചപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. പുതിയ പാഠപുസ്തകങ്ങളുടെ ഭാഗമായി നടപ്പിലാക്കിയ സംയുക്ത ഡയറി, രചനോത്സവം, പാട്ടരങ്ങ്, വായനോത്സവം എന്നിവയ്ക്ക് നല്ല സ്വീകാര്യതയാണ് ലഭിച്ചത്. ഒന്നാം ക്ലാസിലെ കുട്ടികൾ സ്വതന്ത്ര വായനക്കാരായതിന്റെയും പരസഹായമില്ലാതെ തങ്ങളുടെ ആശയങ്ങൾ എഴുതി പ്രകടിപ്പിക്കാൻ കഴിവു നേടിയതിന്റെയും വിളംബരമായിരുന്നു വർഷാവസാനം നടത്തിയ പഠനോത്സവം. വാർഷിക പരീക്ഷയിലും കുട്ടികൾ ചോദ്യം തനിയെ വായിച്ച് ഉത്തരം എഴുതുകയുണ്ടായി. ഭാഷാശേഷികളുടെ കാര്യത്തിൽ ഉണ്ടായ മികവ് നിലനിറുത്തുന്നതിനും കൂടുതൽ മെച്ചപ്പെട്ട അവസ്ഥയിലേക്ക് എത്തിക്കുന്നതിനും ആസൂത്രിതമായ പ്രവർത്തനം ആവശ്യമാണ്. അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത് അതിന് വേണ്ടിയാണ്.

വാർഷിക ലക്ഷ്യങ്ങൾ തീരുമാനിച്ച് ഒരു വർഷത്തേക്കുള്ള പ്രവർത്തന പദ്ധതി തയ്യാറാക്കുന്ന രീതിയിലാണ് കഴിഞ്ഞ വർഷം അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയത്. ഓരോ മാസത്തെയും പ്രവർത്തനങ്ങളുടെ ഫലപ്രാപ്തിയാണ് വർഷാവസാനം ഉണ്ടാവുക. ഓരോ മാസവും ചിട്ടയായി ലക്ഷ്യമിട്ട പ്രവർത്തനങ്ങൾ നടക്കേണ്ടതുണ്ട്. ഓരോ മാസവും സാധ്യമായ ദിനങ്ങൾ പ്രതീക്ഷിച്ച പോലെ ലഭിക്കണമെന്നില്ല. അപ്പോൾ അനുയോജ്യമായ മാറ്റം വരുത്താൻ കഴിയണം. അതുപോലെ കുട്ടികളുടെ നിലവാരവും വേണ്ട പിന്തുണയും പരിഗണിച്ചും ഭേദഗതി-

കൾ ആവശ്യമാണ്. നിരന്തര വിലയിരുത്തലിന്റെ അന്തസത്തയോട് നീതി പുലർത്തുന്നതിനായി ഈ വർഷം വാർഷിക ലക്ഷ്യങ്ങൾ തീരുമാനിച്ച ശേഷം പ്രതിമാസ ലക്ഷ്യങ്ങളും പ്രവർത്തനങ്ങളും തയ്യാറാക്കുന്ന രീതിയാണ് അവലംബിക്കുന്നത്.

പൊതുവിദ്യാഭ്യാസ വകുപ്പ് ആവിഷ്കരിച്ചു നടപ്പിലാക്കുന്ന സമഗ്ര ഗുണമേന്മ പദ്ധതിയുടെ ഭാഗമായി ഒന്നാം ക്ലാസിലെ കുട്ടികളിൽ പ്രകടമായ മാറ്റം ഉണ്ടാക്കുന്നതിനു വേണ്ടിയാണ് ക്ലാസ് അക്കാദമിക മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നത്.

# പ്രവർത്തന കലണ്ടർ

| ക്രമ നമ്പർ | പരിപാടിയുടെ പേര് | നിർവഹണ കാലം |
|---|---|---|
| 1 | പാട്ടരങ്ങ് | ജൂൺ - മാർച്ച് |
| 2 | സംയുക്ത ഡയറി | ജൂൺ - മാർച്ച് |
| 3 | വായനോത്സവം | ജൂൺ - മാർച്ച് |
| 4 | കലോത്സവം | ഡിസംബർ - മാർച്ച് |
| 5 | നിർമ്മാണ ശിൽപശാല | ആഗസ്റ്റ് |
| 6 | രചനോത്സവം | ജനുവരി - മാർച്ച് |
| 7 | വിലയിരുത്തൽ | ജൂൺ - മാർച്ച് |
| 8 | വിദ്യാപ്രവേശ് പ്രവർത്തനങ്ങൾ | ജൂൺ 2 - ജൂൺ 15 |
| | | |
| | | |
| | | |

## വാർഷിക ലക്ഷ്യങ്ങൾ (മലയാളം)

- ചെറു സദസ്സിനു മുൻപാകെ സങ്കോചമില്ലാതെ തന്റെ അനുഭവങ്ങൾ, ആശയങ്ങൾ, ആവശ്യങ്ങൾ, തനിക്കറിയാവുന്ന കഥകൾ, പാട്ടുകൾ എന്നിവ വാചികമായി പങ്കിടുന്നതിന് കഴിവ് നേടുക. ഓരോ കുട്ടിയും ലഘുബാലസാഹിത്യ കൃതികൾ ഒഴുക്കോടെ വായിക്കാനുള്ള കഴിവ് നേടുക.
- ഓരോ കുട്ടിയും വായിച്ചു മനസ്സിലാക്കിയ കാര്യങ്ങൾ എഴുതിയും പറഞ്ഞും മറ്റു രീതികളിലും പങ്കിടാനുള്ള കഴിവ് നേടുക.
- ഓരോ കുട്ടിയും സദസ്സിനു മുമ്പാകെ നിശ്ചിത കാര്യങ്ങൾ ആശയവ്യക്തതയോടെ അവതരിപ്പിക്കാനുള്ള കഴിവ് നേടുക.
- ഓരോ കുട്ടിയും സ്വന്തം ആശയം ഡയറി, വിവരണം, സംഭാഷണം എന്നീ രൂപങ്ങളിൽ എഴുതി പ്രകടിപ്പിക്കാനുള്ള കഴിവ് നേടുക.
- ഓരോ കുട്ടിയും സർഗാത്മക രചന നടത്താനുള്ള കഴിവ് നേടുക.
- ഓരോ കുട്ടിയുടെയും സർഗാത്മക രചനകൾ പുസ്തക രൂപത്തിൽ പ്രസിദ്ധീകരിക്കുക.
- ഓരോ കുട്ടിയുടെയും തെരഞ്ഞെടുത്ത ഡയറികൾ പ്രസിദ്ധീകരിക്കുക.
- ഓരോ കുട്ടിയുടെയും പഠനതെളിവുകളടങ്ങിയ വളരുന്ന അഭിമാനരേഖ രൂപപ്പെടുത്തുക.

## ജൂൺ മാസ പ്രവർത്തനങ്ങൾ

- പൂർണ്ണ പങ്കാളിത്ത ക്ലാസ് പി ടി എ
- ഒന്നൊരുക്കം (സന്നദ്ധതാ പ്രവർത്തനങ്ങൾ)
- പാട്ടരങ്ങ്
- വായനോത്സവവും കഥാവേളയും
- വായനാകാർഡുകൾ
- സംയുക്ത വിലയിരുത്തൽ

## ഒന്നൊരുക്കം - സന്നദ്ധതാ പ്രവർത്തനങ്ങൾ

- ആദ്യത്തെ 10 പ്രവൃത്തി ദിനം ആണ് സന്നദ്ധതാ പ്രവർത്തനങ്ങൾ നടത്തേണ്ടത്.
- ഓരോ ദിവസത്തെയും മുന്നൊരുക്കം പ്രവർത്തനങ്ങൾ ടീച്ചർ തലേ ദിവസം തന്നെ വായിച്ച് മനസ്സിലാക്കണം.
- ഭാഷാപരമായ കഴിവുകൾ വികസിപ്പിക്കണം.
- വൈജ്ഞാനിക വികാസത്തിന് അവസരമൊരുക്കണം.
- സാമൂഹികമായ കഴിവുകൾ വികസിപ്പിക്കണം
- സർഗാത്മകമായ കഴിവുകൾ വികസിപ്പിക്കാൻ അവസരമൊരുക്കണം.
- വിദ്യാലയത്തിൽ സന്നദ്ധതാ പ്രവർത്തനം നടക്കുന്ന കാലയളവിൽ തന്നെ വീട്ടിലും അനുയോജ്യമായ പഠനാന്തരീക്ഷം സൃഷ്ടിക്കണം. അതിന് വേണ്ട കാര്യങ്ങൾ എല്ലാം രക്ഷിതാക്കൾ ചെയ്ത് കൊടുക്കണം.
- ക്ലാസ് അന്തരീക്ഷം, കാലാവസ്ഥ എന്നിവയ്ക്കനുസരിച്ച് പ്രവർത്തനങ്ങളുടെ ക്രമത്തിൽ മാറ്റം വരുത്താവുന്നതാണ്.

## പൂർണ്ണ പങ്കാളിത്ത ക്ലാസ് പിടിഎ

- ക്ലാസ് പിടിഎ യിൽ എല്ലാ രക്ഷിതാക്കളുടെയും പങ്കാളിത്തം ഉറപ്പാക്കുക.
- രക്ഷിതാക്കൾക്ക് അവരുടെ നിർദേശങ്ങൾ പങ്കുവെക്കാം.
- ക്ലാസ് പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന് സ്വീകാര്യമായ നിർദേശങ്ങൾ നൽകാം.

## പാട്ടരങ്ങ് (ജൂൺ - മാർച്ച്)

### ഉപലക്ഷ്യങ്ങൾ

ഒന്നാം ക്ലാസിൽ ഭാഷാപഠനവുമായി ബന്ധപ്പെട്ട് പാട്ടിന് വളരെ പ്രധാനമായ സ്ഥാനമാണുള്ളത്. താളാത്മകമായ ഭാഷ ആശയാവതരണ രീതി പ്രകാരമുള്ള ഭാഷാപഠനത്തെ സ്വാധീനിക്കുന്ന ഘടകങ്ങളിലൊന്നാണ്. കുട്ടികളിലെ താളബോധ വികാസത്തിനും പാഠ്യപദ്ധതി ഊന്നൽ നൽകുന്നു. കുട്ടികളിൽ പഠനതാൽപര്യം വളർത്താനും പഠനം ആസ്വാദ്യമാക്കുന്നതിനും സഹായകമാണ് പാട്ടുകൾ. വൈവിധ്യമുള്ള പാട്ടുകൾ പരിചയപ്പെടുന്നതിനും അവ ചെറുസദസ്സിനു മുമ്പാകെ അവതരിപ്പിക്കുന്നതിനും കുട്ടികൾക്ക് അവസരം ഒരുക്കുന്ന പാട്ടരങ്ങ് വർഷം മുഴുവൻ നീണ്ടു നിൽക്കുന്ന പ്രവർത്തനമാണ്.

പരിഷ്കരിച്ച പാഠ്യപദ്ധതി പ്രകാരം ഒന്നാം ക്ലാസിൽ പാട്ടുമായി ബന്ധപ്പെട്ട പഠനലക്ഷ്യങ്ങൾ ഭാഷാവികാസ മേഖലയിലും സർഗാത്മക സൗന്ദര്യാത്മക വികാസ മേഖലയിലും ഉണ്ട്. അവ നേടുക എന്നതാണ് പാട്ടരങ്ങിന്റെ പ്രധാന ലക്ഷ്യം. പഠനലക്ഷ്യങ്ങൾ ചുവടെ ഇതിനോടൊപ്പം നൽകുന്നു.

## പ്രവർത്തന ഘട്ടങ്ങൾ

- പാട്ടരങ്ങുകളിൽ അവതരിപ്പിക്കുന്നു. താളത്തിനനുസരിച്ച് ശരീര ചലനങ്ങളിലൂടെ ആകർഷകമായി ചൊല്ലുന്നു.
- ചെറു സദസ്സുകളിൽ കഥകൾ, പാട്ടുകൾ, കവിതകൾ, അഭിനയ ഗാനങ്ങൾ എന്നിവ സംഘമായും ഒറ്റയ്ക്കും കൂട്ടായി രൂപപ്പെടുത്തിയ മാനദണ്ഡങ്ങൾ പ്രകാരം ഭാവാത്മകമായി അവതരിപ്പിക്കുന്നു.
- ചൊല്ലിക്കേൾക്കുന്ന പാട്ടുകൾ ഈണവും താളവും പാലിച്ചു കൊണ്ട് ഏറ്റു ചൊല്ലുന്നു.
- പാട്ടുകളുടെ താളത്തിനനുസരിച്ച് ഒറ്റയ്ക്കും കൂട്ടായും കൈകൾ കൊട്ടുകയും ചുവടുകൾ വെയ്ക്കുകയും ശരീരം ചലിപ്പിക്കുകയും ചെയ്യുന്നു.
- താളവൈവിധ്യം ഉള്ള പാട്ടുകൾ ഒറ്റയ്ക്കും കൂട്ടായും ചൊല്ലുന്നു.
- പാടി പഠിച്ച പാട്ടുകൾ കൂട്ടുകാർക്ക് ഏറ്റു ചൊല്ലാവുന്ന തരത്തിൽ താളവും ഈണവും പാലിച്ച് കൊണ്ട് പാടി കൊടുക്കുന്നു.
- പാഠപുസ്തകത്തിലെ വരികളും വായ്ത്താരികളും താളത്തോടെയും ഈണത്തിലും സ്വതന്ത്രമായി ചൊല്ലുന്നു.
- സന്ദർഭം ആവശ്യപ്പെടുന്ന തരത്തിൽ താളത്തോട് പൊരുത്തപ്പെടുന്ന വിധത്തിൽ പുതിയ വാക്കുകളും വരികളും കൂട്ടിച്ചേർത്ത് പാടാൻ കഴിവു നേടുന്നു.
- പാട്ടരങ്ങുകളിൽ പാട്ടിന്റെ ആശയവും താളവും തുടർച്ചയും ഉൾക്കൊണ്ട് സഹപാഠികൾ പാടി നിർത്തിയേടത്ത് നിന്ന് തുടങ്ങുകയും അവർക്കു തുടരാൻ പാകമായ ഇടത്തിൽ ചൊല്ലി നിർത്തുകയും ചെയ്യുന്നു.

## സംയുക്ത ഡയറി (ജൂൺ- മാർച്ച്)

### ഉപലക്ഷ്യങ്ങൾ

- കുട്ടിയുടെ സ്വതന്ത്ര്യ രചനാശേഷി വികസിപ്പിക്കുക.
- പരിചയിച്ച അക്ഷരങ്ങൾ പുതിയ രചനാ സന്ദർഭങ്ങളിൽ നിരന്തരം പ്രയോഗിക്കാൻ അവസരം ഒരുക്കുക.
- കുട്ടിയുടെ അനുഭവങ്ങളും ചിന്തകളും ആശയങ്ങളും പ്രതിദിനം ചിത്ര സഹിതം ചെറുവാക്യങ്ങളിൽ രേഖപ്പെടുത്തുക.
- ആശയാവതരണ രീതിയുടെ ഉയർന്ന രൂപങ്ങളിൽ ഒന്നായ രീതിയിൽ സംയുക്ത ഡയറിയെഴുത്തിനെ പ്രയോജനപ്പെടുത്തുകയും തനിച്ചെഴുത്തിലേക്ക് വഴിയൊരുക്കുകയും ചെയ്യുക.

### പ്രവർത്തന ഘട്ടങ്ങൾ

- ക്ലാസ് പി ടി എ യോഗം വിളിച്ച് പ്രക്രിയ ബോധ്യപ്പെടുത്തൽ
- അച്ചടിച്ച ഡയറി കാണുവാൻ അവസരം ഒരുക്കൽ.
- ഡയറിയെഴുത്തു മൂലമുണ്ടാകുന്ന ഭാഷാപരമായ മുന്നേറ്റം വ്യക്തമാക്കൽ.
- കുട്ടിയോടൊപ്പമിരുന്ന് സംയുക്ത ഡയറി എഴുതി പ്രക്രിയ മനസ്സിലാക്കൽ.
- സംയുക്ത ഡയറി എഴുതുന്നതിനായി ഓരോ കുട്ടിക്കും ചെറിയ ഒരു നോട്ട് ബുക്ക് ഉറപ്പാക്കൽ.
- എല്ലാ ദിവസവും ടീച്ചർ ഡയറി പരിശോധിക്കും.
- ഡയറിയിൽ ഗുണാത്മക കുറിപ്പുകൾ എഴുതൽ
- വിവിധ തീമുകളുമായി ബന്ധപ്പെട്ട രചനകൾ.
- സംയുക്ത ഡയറിയിലെ പുരോഗതി അധ്യാപകൻ വിലയിരുത്തുന്നതാണ്.

## വായനോത്സവം

### ഉപലക്ഷ്യങ്ങൾ

- ഒന്നാം ക്ലാസിൽ എല്ലാ കുട്ടികൾക്കും വായിക്കുന്നതിനുള്ള പുസ്തക ശേഖരം ഉണ്ടാക്കുക.
- രക്ഷിതാക്കളെ കുട്ടികളുടെ വായനയിൽ പങ്കാളിയാക്കുക.
- എല്ലാ കുട്ടികളെയും സ്വതന്ത്ര വായനക്കാരാക്കുക.
- വായിച്ചു ഗ്രഹിച്ച ആശയങ്ങൾ പങ്കിടുന്നതിലൂടെ കുട്ടികളുടെ വാചിക അവതരണ ശേഷി വികസിപ്പിക്കുക.
- ആശയ ഗ്രഹണ വായന, ആസ്വാദ്യ വായന എന്നിവ പ്രോത്സാഹിപ്പിക്കുക.
- കുട്ടികൾ വായനയിൽ നേടിയ ശേഷി പൊതു സമൂഹവുമായി പങ്കിടുക.

### പ്രവർത്തന ഘട്ടങ്ങൾ

ജൂൺ:-

- ക്ലാസ് ലൈബ്രറി ക്രമീകരിക്കൽ.
- ക്ലാസ് പിടിഎ കൂടുന്നു.

ജൂലൈ

- കുട്ടിയും രക്ഷിതാവും ചേർന്നുള്ള വായന പരിചയപ്പെടുത്തൽ.
- പുസ്തകം ഓരോ കുട്ടിക്കും നൽകുന്നു.
- അമ്മ വായിച്ചു കേൾപ്പിച്ച കഥ ക്ലാസിൽ പറയുന്നു.
- വായിച്ച കഥയിലെ ഇഷ്ട കഥാപാത്രത്തെ ചിത്രീകരിക്കുന്നു. പേര് എഴുതുന്നു.

## ആഗസ്റ്റ് – നവംബർ

- കഥാപുസ്തകം നൽകുന്നു. കുട്ടി ചിത്രം നോക്കി കഥ പറയുന്നു.
- അമ്മ കഥ വായിക്കുന്നു. ബാക്കി കഥാസന്ദർഭം ചിത്രം നോക്കി കുട്ടി ഊഹിച്ച് പറയുന്നു.
- അമ്മ ഓരോ പേജായി ചിത്രസൂചനകൾ ചേർന്ന് ഓരോ വാക്യത്തിന് ചുവട്ടിലൂടെയും വിരൽ ഓടിച്ച് വായിക്കുന്നു. കുട്ടി കേൾക്കുന്നു.
- രണ്ട് മൂന്ന് തവണ അമ്മ വായിക്കുന്നു.
- ആശയ ചോർച്ച ഇല്ലാതെ കുട്ടികൾ കഥ അവതരിപ്പിക്കുന്നു.
- ക്ലാസ് പി ടി എ യിൽ കഥ അവതരണം.

## ഡിസംബർ - ഫെബ്രുവരി

- പുസ്തകം നോക്കി കുട്ടി തനിയെ വായിക്കാൻ ശ്രമിക്കുന്നു.
- രണ്ട് മൂന്ന് തവണ ഒരേ പുസ്തകം വായിക്കുന്നു.
- കഥയുടെ ആശയം കുട്ടി തന്നെ വായിച്ച് പറയുന്നു.
- ക്ലാസ് പി. ടി. എ-യിൽ പുസ്തകം പരിചയപ്പെടുത്തി കുട്ടി കഥ വായിക്കുന്നു.
- പഠനോത്സവത്തിൽ വായിക്കൽ.

## മാർച്ച്

- കഥോത്സവം
- രക്ഷിതാവിന്റെ നേതൃത്വത്തിൽ കഥാപുസ്തകങ്ങൾ വായിച്ച് കേട്ട കുട്ടികൾ അവ ക്ലാസിൽ പങ്കിടുന്ന പ്രവർത്തനം.
- ക്ലാസ് പി ടി എ-യിൽ പുസ്തക വായന, പുസ്തകാവതരണം എന്നിവ നടത്തുന്നു.

## നിർമാണ ശിൽപശാല

### ഉപലക്ഷ്യങ്ങൾ

- പരിസ്ഥിതി സൗഹൃദമായ കളിയുപകരണങ്ങൾ പരിചയപ്പെടുത്തുക.
- പ്രാദേശികമായി ലഭ്യമായ വസ്തുക്കളെ കളിപ്പാട്ടങ്ങളാക്കി മാറ്റുക.
- കുട്ടികളുടെ കലാപരമായ ശേഷിയും കരവിരുതും വികസിപ്പിക്കുക.

### പ്രവർത്തനഘട്ടങ്ങൾ

- ക്ലാസ് പിടിഎ യിൽ കളിപ്പാട്ട നിർമാണ ശാലയുടെ പ്രസക്തി ബോധ്യപ്പെടുത്തൽ.
- നിർമിക്കേണ്ട ഇനങ്ങൾ തീരുമാനിക്കൽ.
- നിർമാണത്തിൽ വൈദഗ്ധ്യമുള്ളവരെ കണ്ടെത്തൽ.
- രക്ഷിതാക്കളുടെ പങ്കാളിത്തം നിർബന്ധം.
- എല്ലാ കുട്ടികളെയും രക്ഷിതാക്കളെയും ഉൾക്കൊള്ളിക്കൽ.
- മുതിർന്നവരുടെ സഹായത്തോടെ കുട്ടികൾക്ക് ഉണ്ടാക്കാവുന്ന ലളിതമായ കളിയുപകരണങ്ങളും കുട്ടികൾക്ക് മാതൃക നോക്കി ഉണ്ടാക്കാവുന്നവയും രക്ഷിതാക്കൾ ഉണ്ടാക്കുന്നവയും വിദഗ്ധർ ഉണ്ടാക്കുന്നവയും പരിഗണിക്കണം.
- നിർമാണ ശിൽപശാല തീയതി തീരുമാനിക്കൽ.
- ഉദ്ഘാടനച്ചടങ്ങ്
- പ്രചരണം
- നിർമിച്ച വസ്തുക്കളുടെ പ്രദർശനം സംഘടിപ്പിക്കണം.
- കളിപ്പാട്ട നിർമാണ ശിൽപശാല സംയുക്ത ഡയറിയിലെ ഉള്ളടക്കമാക്കണം.

# റീഡേഴ്സ് തിയേറ്റർ

പാഠപുസ്തകത്തിലുള്ളതും പാഠപുസ്തകത്തിനു പുറത്തുള്ളതുമായ രചനകൾ ഭാവാത്മകമായി വായിക്കുന്നതിനുള്ള അവസരമാണ് റീഡേഴ്സ് തിയേറ്റർ ഒരുക്കുന്നത്. സഹവർത്തിത വായനാ ചുമതലകൾ വിഭജിച്ചെടുത്തും പരസ്പരം സഹായിച്ചും ടീം എന്ന നിലയിൽ പ്രവർത്തിക്കുന്നു.

## ഉപലക്ഷ്യങ്ങൾ

- ഭാവം ഉൾക്കൊണ്ട് ശബ്ദ വ്യതിയാനത്തോടെ സദസ്സിനു മുൻപാകെ ഉച്ചത്തിൽ വായന നടത്തുന്നതിനുള്ള കഴിവ് വളർത്തുക.
- വായനയുടെ ആവിഷ്കാര സന്ദർഭം ഒരുക്കി വായനയോടും പുസ്തകങ്ങളോടും താൽപര്യം കൂട്ടുന്നതിന്.

## പ്രവർത്തന ഘട്ടങ്ങൾ

- ക്ലാസ് പി ടി എ-യിൽ ചർച്ച ചെയ്യൽ
- റീഡേഴ്സ് തിയേറ്റർ മഹോത്സവത്തിന്റെ ഭാഗമായി ഉദ്ഘാടനം ചെയ്യാം.
- ആദ്യം ഒരു കഥ, പല ഗ്രൂപ്പുകൾ അവതരിപ്പിക്കുന്ന രീതി.
- കഥാപാത്രങ്ങൾ, സംഭവങ്ങൾ, സംഭാഷണങ്ങൾ എന്നിവ കൂടുതലുള്ള കഥകൾ തെരഞ്ഞെടുക്കൽ.
- ഓരോരുത്തരും കഥാപാത്രങ്ങളെ തെരഞ്ഞെടുക്കൽ.
- കഥാപാത്രം പറയേണ്ട സംഭാഷണം നിശ്ചയിക്കൽ.
- റിഹേഴ്സൽ ചെയ്യൽ
- വായിക്കേണ്ട ക്രമം തീരുമാനിക്കൽ
- വേദിയിൽ അവതരണം
- മെച്ചപ്പെടുത്തേണ്ടവയെ സംബന്ധിച്ച് ധാരണ രൂപീകരിക്കൽ

# രചനോത്സവം

ആശയാവതരണരീതി പ്രകാരമുള്ള ഭാഷാപഠനത്തിൽ കുട്ടികളുടെ ആശയപ്രകാശനത്തിന് ആസ്വാദ്യമായ രചനാപ്രവർത്തനങ്ങൾ ആവശ്യമാണ്. തുടർന്ന പാഠങ്ങളും ചലനാത്മക ചിത്രങ്ങളും പ്രയോജനപ്പെടുത്തി കുട്ടികളുടെ ഭാവന ഉണർത്തി രചനയിലേക്ക് നയിക്കണം. രണ്ടാം ടേം മുതൽ രചനോത്സവം ആരംഭിക്കും.

## ഉപലക്ഷ്യങ്ങൾ

- കുട്ടികളുടെ സർഗാത്മകശേഷി വികസിപ്പിക്കുന്നതിന്.
- സ്വതന്ത്ര രചനയ്ക്ക് അവസരം ഒരുക്കുക.
- അനുയോജ്യമായ ചിത്രം വരച്ച് രചനയെ ആകർഷകമാക്കുക.
- രചനകൾ സമൂഹവുമായി പങ്കിടുക.
-

## പ്രവർത്തന ഘട്ടങ്ങൾ

- രക്ഷിതാക്കൾക്കായി രചനോത്സവ ശിൽപശാല
- ഭാവന ഉണർത്തുന്ന ചലനാത്മക ചിത്രങ്ങൾ തെരഞ്ഞെടുക്കൽ
- ചിത്രങ്ങൾ, ആ ചിത്രങ്ങൾ സന്ദർഭത്തെ വിശകലനം ചെയ്യുന്നതിനായി ചോദ്യങ്ങൾ ഉന്നയിക്കുക.
- ചോദ്യങ്ങളും ചിത്രങ്ങളും വിശകലനം ചെയ്ത ശേഷം കുട്ടികളുടെ പലവിധ പ്രതികരണങ്ങൾ.
- കുട്ടിക്ക് സർഗാത്മക രചനയിലേർപ്പെടാൻ അവസരം.
- ചെറുവാക്യങ്ങളാകാൻ ശ്രദ്ധിക്കുക. സംയുക്ത രചനയുമാകാം.
- കുട്ടികൾക്ക് സ്വന്തമായും രക്ഷിതാക്കളുടെ സഹായത്തോടെയും എഴുതാം.

• എല്ലാ കുട്ടികളുടെയും തെരഞ്ഞെടുത്ത രചനകൾ ഉൾപ്പെടുത്തി ക്ലാസിനൊന്നാകെ കുറഞ്ഞെഴുത്തുകൾ പ്രകാശിപ്പിക്കുന്നു.

• ഓരോ കുട്ടിയുടെയും രചനകൾ വേറെ വേറെ പുസ്തകമാക്കി പ്രകാശിപ്പിക്കുന്നു.

• വായനാകാർഡുകളാക്കി പ്രസിദ്ധീകരിക്കുന്നു.

## വിലയിരുത്തൽ

### ഉപലക്ഷ്യങ്ങൾ

• സ്വയം വിലയിരുത്തൽ നടത്താൻ.
• പരസ്പരം വിലയിരുത്തൽ: നടത്തിയവ മെച്ചപ്പെടുത്താൻ
• അധ്യാപികയുടെ വിലയിരുത്തൽ: പിന്നോക്കം നിൽക്കുന്ന കുട്ടിയെ പരിഗണിക്കാൻ
• രക്ഷിതാക്കളുടെ വിലയിരുത്തൽ: കുട്ടിയുടെ പഠനമികവ് കണ്ടെത്താൻ.
• വിദ്യാലയത്തിലെ മറ്റുള്ളവരുടെ വിലയിരുത്തൽ: ഒന്നാം ക്ലാസിലെ മികവാർന്ന പ്രവർത്തനങ്ങൾ മനസ്സിലാക്കാൻ
• സമൂഹത്തിന്റെ വിലയിരുത്തൽ: സ്കൂൾ പ്രവർത്തനങ്ങൾ മനസ്സിലാക്കാൻ...

### പ്രവർത്തന ഘട്ടങ്ങൾ

1. സ്വയം വിലയിരുത്തൽ:-

കുട്ടികൾ തന്റെ എഴുത്ത്, വായന. ഉൽപന്നം, പെരുമാറ്റം എന്നിവ സഹപാഠികളുടെയും ടീച്ചറുടെയും എഴുത്ത്

വായന, ഉൽപന്നം എന്നിവയുമായി താരതമ്യം ചെയ്ത് മെച്ചപ്പെടുത്തൽ.

- മുൻ അനുഭവസന്ദർഭവുമായും അപ്പോൾ ലഭിച്ച ഫീഡ് ബാക്കുമായും ബന്ധിപ്പിച്ച് വിലയിരുത്തൽ.
- താനുൾപ്പെടെയുള്ളവർ വികസിപ്പിച്ച ധാരണ പ്രകാരം സ്വന്തം പ്രവർത്തനം വിലയിരുത്തൽ.

*പരസ്പരം വിലയിരുത്തൽ:-

- ഗ്രൂപ്പുകളുടെ അവതരണങ്ങൾ
- വിലയിരുത്തലിനായുള്ള സൂചകങ്ങൾ വികസിപ്പിക്കൽ.

* അധ്യാപികയുടെ വിലയിരുത്തൽ:-

- ലേഖനത്തിന്റെയും വായനയുടെയും പ്രക്രിയക്കിടയ്ക്ക് നൽകുന്ന പിന്തുണയും മെച്ചപ്പെടുത്തലും
- ഓരോ പ്രവർത്തനവും വിലയിരുത്തൽ
- ക്ലാസിലെ പ്രശ്നങ്ങൾ കണ്ടെത്തി പരിഹരിക്കുന്നതിനുള്ള ഗവേഷണാത്മക ഇടപെടൽ,
- മികവുകൾ ഡോക്യുമെന്റുകളാക്കൽ
- കൃത്യമായ ഫീഡ്ബാക്ക്: വാചികവും ലിഖിതവും നൽകൽ
- വ്യക്തിഗത പിന്തുണ ആവശ്യമുള്ളവർക്ക് ലഭ്യമാക്കൽ.
- അനുരൂപീകരണ പ്രവർത്തനങ്ങൾ
- പഠനലക്ഷ്യങ്ങളിൽ കുട്ടിയുടെ നില കണ്ടെത്തുന്നതിനുള്ള വൈവിധ്യമുള്ള സന്ദർഭങ്ങൾ പ്രയോജനപ്പെടുത്തൽ
- ടീച്ചറുടെ സ്വയം വിലയിരുത്തൽ.

## രക്ഷിതാക്കളുടെ വിലയിരുത്തൽ:-

- കുട്ടികളിലുണ്ടായ പുരോഗതി ക്ലാസ് പി ടി എ യിൽ പങ്കി-
ടൽ
- കുട്ടിയുടെ പങ്കാളിത്തവും പ്രകടനവും
- ക്ലാസ് പി ടി എ യിൽ കുട്ടികൾ നടത്തുന്ന അവതരണങ്ങൾ
വിലയിരുത്തൽ
- രക്ഷിതാക്കളുടെ സ്വയം വിലയിരുത്തൽ.

## വിദ്യാലയത്തിലെ മറ്റുള്ളവരുടെ വിലയിരുത്തൽ:-

- ഒന്നാം ക്ലാസിലെ കുട്ടികൾ അസംബ്ലി, മറ്റു പൊതുവേ-
ദികൾ എന്നിവയിൽ നടത്തുന്ന പ്രകടനങ്ങൾ, ഒന്നാം
ക്ലാസിലെ ഉൽപന്നങ്ങൾ എന്നിവ വിലയിരുത്തൽ.

## സമൂഹത്തിന്റെ വിലയിരുത്തൽ:-

- ഒന്നാം ക്ലാസുകാരുടെ അച്ചടിച്ച രചനകൾ വിലയിരുത്തൽ
- പഠനോത്സവത്തിലെ പ്രകടനങ്ങൾ വിലയിരുത്തൽ
- നവമാധ്യമങ്ങളിൽ പങ്കിടുന്ന ഒന്നാം ക്ലാസ് വിശേഷങ്ങൾ
വിലയിരുത്തൽ.

# ഗണിതം

## ആമുഖം

ഒന്നാം ക്ലാസിൽ നിന്ന് തന്നെ ഗണിത പ്രവർത്തനങ്ങൾ രസകരമായി കുട്ടി നേടിയെടുക്കേണ്ടതുണ്ട്. ഗണിത പ്രവർത്തനങ്ങൾ ജീവിതത്തിൽ ഒഴിച്ച് കൂടാൻ പറ്റാത്ത ഒന്നാണല്ലോ. ഭാഷയിലും ശാസ്ത്രത്തിലും മറ്റ് ഇതര പ്രവർത്തനങ്ങളിലും അവബോധം നേടിയെടുക്കുമ്പോൾ ഗണിതം പിൻതള്ളിപ്പോകാതെ മുഖ്യധാരയിൽ എത്തിക്കേണ്ടത് നമുക്കാവശ്യമാണ്. ജീവിതത്തിൽ ഓരോ വ്യക്തിക്കും ഒഴിച്ച് കൂടാനാവാത്തതാണ് ഗണിത പ്രവർത്തനങ്ങൾ. ഗണിതമില്ലാതെ ജീവിതത്തിൽ ഒന്നുമില്ല എന്നു തന്നെ പറയാം. ഗണിതം പാട്ടിലൂടെയും കളികളിലൂടെയും ആസ്വാദ്യകരമാക്കാവുന്നതാണ്. പലതരത്തിൽ ഗണിതാശയങ്ങൾ നേടിയെടുക്കാൻ സാധ്യമാകുന്ന തരത്തിൽ തന്നെയാണ് അക്കാദമിക മാസ്റ്റർ പ്ലാൻ അവതരിപ്പിക്കുന്നത്

# ലക്ഷ്യങ്ങൾ

* 1 മുതൽ 5 വരെയുള്ള സംഖ്യകൾ തിരിച്ചറിയുന്നു എഴുതുന്നു.

* 5 വരെയുള്ള എണ്ണത്തെ പകുതി, തുല്യം, കൂടുതൽ കുറവ് എന്നിങ്ങനെ വിശദീകരിക്കുന്നു.

* five frame ൽ ഗണിത ക്രിയകൾ ചിത്രീകരിക്കുന്നു.

* പകുതിയാക്കാൻ പറ്റുന്ന സംഖ്യകളും അല്ലാത്തവയും വസ്തുക്കൾ വച്ച് കണ്ടെത്തി വിശദീകരിക്കുന്നു.

* ഗണിത പഠനത്തിന് സഹായകമായ തരത്തിൽ വസ്തുക്കൾ ശേഖരിച്ച് ഗണിത കിറ്റ് തയ്യാറാക്കുന്നു.

* 1 മുതൽ 25 വരെയുള്ള സംഖ്യകൾ എഴുതുകയും വായിക്കുകയും ചെയ്യുന്നു.

* 9ൽ താഴെയുള്ള വ്യത്യസ്ത സംഖ്യകളിൽ ഒരു സംഖ്യയോട് എത്ര കൂട്ടിയാൽ തന്നിരിക്കുന്ന വലിയ സംഖ്യ കിട്ടും എന്ന് കണ്ടെത്തുന്നു.

* ഒരക്ക സംഖ്യകൾ എണ്ണിയെടുക്കാനും എഴുതാനും വായിക്കാനും കഴിയുന്നു.

* ആരോഹണ അവരോഹണ ക്രമത്തിലാക്കൽ

* രണ്ട് ഒരക്ക സംഖ്യയുടെ സങ്കലനം (3+5=8)

* രണ്ട് ഒരക്ക സംഖ്യകളുടെ വ്യവകലനം (5-3=2)

* ഒരക്ക സംഖ്യാ വ്യാഖ്യാനം.

## ജൂൺ

* വിദ്യാപ്രവേശ സന്നദ്ധത പ്രവർത്തനങ്ങൾ.
* പ്രാഗ് ഗണിതാശയ രൂപീകരണം.
* 1 മുതൽ 5 വരെയുള്ള സംഖ്യ തിരിച്ചറിയൽ
* തിരിച്ചറിഞ്ഞ സംഖ്യകൾ, വസ്തുക്കൾ, എന്നിവ ചിട്ടയാക്കി എണ്ണിയെടുക്കൽ.
* സംഖ്യ തിരിച്ചറിഞ്ഞ് ചിത്രം വരയ്ക്കൽ
* കുഞ്ഞു പുസ്തകം തയ്യാറാക്കൽ.

## ജൂലൈ

* ഗണിത കിറ്റ് തയ്യാറാക്കൽ
* 1 മുതൽ 10 വരെയുള്ള സംഖ്യകൾ തിരിച്ചറിയൽ
* തിരിച്ചറിഞ്ഞ സംഖ്യകൾ അക്കത്തിലും അക്ഷരത്തിലും എഴുതൽ.
* ആരോഹണത്തിലും അവരോഹണത്തിലും എഴുതൽ
* സംഖ്യാ ചിത്രങ്ങൾ വരയ്ക്കൽ

## ആഗസ്റ്റ്

* 1 മുതൽ 20 വരെയുള്ള സംഖ്യകൾ തിരിച്ചറിയൽ, പ്രവർത്തനങ്ങൾ
* വലിയ സംഖ്യ, ചെറിയ സംഖ്യ തിരിച്ചറിയൽ
* കൂടുതൽ, കുറവ് തിരിച്ചറിയൽ.

## സെപ്റ്റംബർ

- സംഖ്യ ഗാനങ്ങൾ പാടുന്നു, ശേഖരിക്കുന്നു.
- ഗണിത പ്രവർത്തനങ്ങൾ ആസ്വാദ്യകരമാക്കാൻ Activity book ലെ പ്രവർത്തനങ്ങൾ നൽകുന്നു.
- ഒരക്ക സംഖ്യയും രണ്ടക്ക സംഖ്യയും തമ്മിൽ സങ്കലന പ്രവർത്തനങ്ങളിൽ ഏർപ്പെടൽ.
- കുഞ്ഞു പുസ്തകം മെച്ചപ്പെടുത്തൽ
- ഗണിത കിറ്റിലെ സാധനങ്ങളുടെ എണ്ണം വർദ്ധിപ്പിക്കൽ.

## ഒക്ടോബർ

* ഒറ്റ സംഖ്യകൾ, ഇരട്ട സംഖ്യകൾ തിരിച്ചറിയൽ
* വലിയ സംഖ്യ, ചെറിയ സംഖ്യ തിരിച്ചറിയൽ, പ്രവർത്തനങ്ങൾ
* ഉല്ലാസ ഗണിത പ്രവർത്തനങ്ങൾ

## നവംബർ

* സംഖ്യാ ഗാനങ്ങൾ പാടുന്നു, ശേഖരിക്കുന്നു.
* ഗണിതകിറ്റിലെ സാധനങ്ങൾ ഉപയോഗിച്ച് ഗണിത ക്രിയകളിൽ ഏർപ്പെടൽ
* കുഞ്ഞു പുസ്തകം മെച്ചപ്പെടുത്തൽ

## ഡിസംബർ

* സംഖ്യകൾ ആരോഹണ അവരോഹണ ക്രമത്തിൽ എഴുതൽ
* ഗണിത ആൽബം തയ്യാറാക്കൽ
* My number book തയ്യാറാക്കൽ

## ജനുവരി

* ഒരക്ക സംഖ്യയും രണ്ടക്ക സംഖ്യയും തമ്മിലുള്ള വ്യവകലന പ്രവർത്തനങ്ങൾ
* സങ്കലനം വ്യവകലനം (+, - ചിഹ്നങ്ങൾ) തിരിച്ചറിവ്.
* 1 -10 സംഖ്യാ വ്യാഖ്യാനം.

## ഫെബ്രുവരി

* ഗണിത ആൽബം, ഗണിത മഞ്ചാടി, സംഖ്യാസൂര്യൻ ആൽബം തയ്യാറാക്കൽ - CPTA യിൽ പ്രദർശനം.
* വില വിവരപ്പട്ടിക പ്രശ്ന നിർദ്ധാരണം.
* സംഖ്യാഗാന ആൽബ പ്രദർശനം.

## മാർച്ച്

* ഗണിതാശയങ്ങൾ ഉൾപ്പെടുത്തി വിവിധ തരം work sheet
* ലളിതമായ ഗണിതക്രിയകളിൽ ഏർപ്പെടൽ
* സംഖ്യകളുടെ പകുതി, തുല്യം, തിരിച്ചറിയൽ പ്രവർത്തനങ്ങൾ ഗണിതക്കിറ്റിലൂടെ സാധ്യമാക്കൽ
* ICT സാധ്യതയിൽ ഉല്ലാസ ഗണിത പ്രവർത്തനങ്ങൾ പരിചയപ്പെടാൻ അവസരം.

# ENGLISH

## Introduction

The goal is for the first graders to handle english fluently. The first grader must go from small word to big word. Must be able to read, write and speak english with it. No child should be able to speak english fluently like malayalam. We have to keep our world language english, close to our hearts.

The Academic Masterplan is designed to ensure that not a single child goes literature illiterate.

## Aim - Objectives

## Learning Outcomes

* Simple words, simple sentence, add more lines, description make sure there are in the Children.
* Responds to simple Instructions in the class room.
  eg: May I come in teacher.
* Describes orally about pictures and objects using adjectives.

* Familiaries with words identifies.
* Enjoy songs and signs them with rhythms and action.
* Familiarises the names of birds animals their youngones and identifies them from pictures.
* To speak, read & write simple english without any mistakes.

## Aim

* Simple words, simple sentence, to speak, read and write make sure these are in the children.

## Pre test

* To develop listening skills and reading skills
* Familiaries with words ~~like Ant~~, and identify the pictures.

## Action plan - Activities

## June

* Simple words introducing
* Provides picture card
* Give a familiar magic picture card
* Give simple games.

## July

* Says the familiar words
* Writing familiar words
* Reading familiar words

## August

* Enjoys Songs and sings them with rhythm and action.
* Describes orally about picture and objects using adjectives.
  (colours, shape, small, big, etc.)

## September

* Reads and writes simple words and simple sentence.
  eg: Apple, An apple, Red apple
* Provides picture card and reading cards.

## October

* Introduces a simple picture description.
* Word chain, sentence chain make words.
* Sentences make riddles
* Describing words, rhyming words etc. Workbook activities.

* My growing book is being prepared.

November

* My small description book is being prepared.
* Preparing the reading card.
* The classroom provides more opportunities to read, write and speak english.
* Writes 5 english words orally daily.
* Prepared and displayed by 'My English World'

December

* My picture dictionary is being prepared.
* My growing book is being prepared.
* Simple instructions in the classroom.
* Encourages digital reading in the class room everyday.

January

* Enjoys songs and sings them with rhythm and action.
* My amazing book is being prepared.
* Animals and birds collect pictures.
* Animals and youngones collect pictures.
* Spoken english class is provided.

## February

* Provides the opperlunity to express 'My Self' in the classroom, in the Assembly and in the CPTA
* English provides an opperlunity to Speak fluently and without fear.
* A period of daily spoken english class provides an oppertunity.
* Provides oppertunities for english assembly one day a weak.

## March

* English speaks fluently.
* Can read and write simple sentence
* Picture reading, picture describing can tell you how to read and write.
* My growing book, My picture dictionary, reading cards, My magic book.

# പരിസരപഠനം

## ആമുഖം

ഒന്നാം ക്ലാസിൽ നിന്ന് തന്നെ ശാസ്ത്രപ്രവർത്തനങ്ങളിലൂടെ കടന്ന് പോകുന്നത് ഉത്തമമായ കാര്യമാണ്. ശാസ്ത്രീയമായ അറിവ് കുട്ടികളിൽ ഉണർത്തിയെടുക്കേണ്ടത് ഉത്തമമായ കാര്യമാണ്. ശാസ്ത്രീയ തലത്തിലൂടെ കുട്ടി കടന്ന് പോകുമ്പോൾ പരിസരവുമായി ഇണങ്ങിച്ചേരാനും സാധ്യമാകുന്നു. പരിസരവുമായി ഇഴുകിച്ചേർന്ന് പഠിക്കുന്നതും ജീവിക്കുന്നതും നല്ലൊരു മനോഭാവമാണ്. ചെറിയ തലത്തിൽ നിന്ന് തന്നെ കുട്ടി ശാസ്ത്രീയ വശങ്ങൾ മനസിലാക്കി നിഗമനങ്ങളും പരീക്ഷണങ്ങളും കണ്ടെത്തലുകളും നടത്തി ശാസ്ത്രബോധം വളർത്തിയെടുക്കേണ്ടത് അത്യന്താപേക്ഷിതമായ കാര്യമാണ്.

## പ്രവർത്തന ലക്ഷ്യങ്ങൾ

* ചെടികൾ നിരീക്ഷിച്ച് പൂക്കളിൽ നിറവെധി വ്യത്യസ്തതകളുണ്ടെന്ന് പറയുന്നു.
* വിവിധതരം സസ്യങ്ങൾ (വലിയ മരങ്ങൾ, ചെറിയ ചെടികൾ, പൂക്കുന്നവ, പൂക്കാത്തവ) കണ്ടെത്തി പട്ടിക.
* സസ്യങ്ങൾക്ക് വേര്, തണ്ട്, ഇല, പൂവ്, കായ് തുടങ്ങിയ ഭാഗങ്ങളുണ്ടെന്ന് നിരീക്ഷിച്ച് കണ്ടെത്തുന്നു. ചിത്രീകരിക്കുന്നു, വിശദമാക്കുന്നു.
* നിരീക്ഷിച്ചും അനുഭവത്തിന്റെ അടിസ്ഥാനത്തിലും മഴക്കാലത്ത് ചുറ്റുമുണ്ടാകുന്ന മാറ്റങ്ങളെ കുറിച്ച്

തന്റേതായ ആശയങ്ങൾ വിവിധ രീതികളിൽ അവതരിപ്പിക്കുന്നു.

* പതിപ്പുകൾ തയ്യാറാക്കുന്നു.
* പൂക്കളുടെ സാദൃശ്യവ്യത്യാസങ്ങൾ പട്ടികപ്പെടുത്തുന്നു. നിഗമനം രൂപീകരിക്കുന്നു.
* നിറം, മണം, രുചി, വലുപ്പം, ആകൃതി എന്നിവയിൽ പഴങ്ങൾ വ്യത്യസ്തമാണെന്ന് കണ്ടെത്തി പട്ടികപ്പെടുത്തുന്നു.
* പഴങ്ങൾ കഴിക്കുന്നത് ആരോഗ്യത്തിന് നല്ലതാണെന്ന് മനസിലാക്കുന്നു.
* ലഘു പരീക്ഷണങ്ങളിൽ ഏർപ്പെടുന്നു.
* വിത്ത്, ഇല, പൂക്കൾ തുടങ്ങിയവ ശേഖരിക്കുകയും ക്രമീകരിച്ച് പ്രദർശിപ്പിക്കുകയും ചെയ്യുന്നു.

## മുന്നൊരുക്കം

* പ്രകൃതി നടത്തം, പരിസ്ഥിതി ദിനാഘോഷ പരിപാടികൾ സംഘടിപ്പിക്കൽ
* ICT യിൽ പ്രകൃതി, പരിസ്ഥിതി പ്രവർത്തനങ്ങൾ, സാധ്യത ഒരുക്കി കുട്ടികൾ പരിസരപഠനത്തിൽ മുൻതൂക്കം നൽകൽ.

## പ്രവർത്തന ലക്ഷ്യം

* ചെടികൾ നിരീക്ഷിച്ച് പൂക്കളിൽ നിരവധി വ്യത്യസ്തതകളുണ്ടെന്ന് കണ്ടെത്തൽ, ലഘു പരീക്ഷണങ്ങളിൽ ഏർപ്പെടൽ.

## ജൂൺ

* പ്രകൃതി നടത്തം
* പരിസ്ഥിതി ദിന പ്രവർത്തനങ്ങളിൽ പങ്കാളിത്തം
ഉദാഹരണം (വൃക്ഷത്തൈ നടീൽ, അടുക്കളത്തോട്ടം)

## ജൂലൈ

* ചുറ്റുപാടുമുള്ള മരങ്ങൾ, ചെടികൾ നിരീക്ഷിക്കൽ
* നിരീക്ഷിച്ച് തിരിച്ചറിഞ്ഞവ പട്ടികപ്പെടുത്തൽ
* പ്രകൃതി നടത്തം - സസ്യങ്ങളെ നിരീക്ഷിക്കുന്നു. പേരുകൾ കണ്ടെത്തുന്നു, പറയുന്നു, എഴുതുന്നു. (സഹായത്തോടെ)
* സ്കൂൾ പൂന്തോട്ട നിർമ്മാണം

## ആഗസ്റ്റ്

* ചെടികളുടെ ചിത്രങ്ങൾ ഫോട്ടോ എടുത്ത് ക്ലാസ് ഗ്രൂപ്പിൽ പോസ്റ്റ് ചെയ്യുന്നു.
* തിരിച്ചറിയുന്ന ചെടികൾ നിരീക്ഷിച്ച് പ്രത്യേകത പറയൽ, എഴുതൽ
* സ്കൂളിലും വീട്ടിലും അടുക്കളത്തോട്ട നിർമ്മാണം

## സെപ്റ്റംബർ

* ചുറ്റുപാടുമുള്ള ചെടികൾ നിരീക്ഷിച്ച് ആഹാരയോഗ്യമായതും ഭംഗിയ്ക്ക് ഉപയോഗിക്കുന്നവയും കണ്ടെത്തൽ.
* മരങ്ങൾ, ചെടികൾ വ്യത്യാസം തിരിച്ചറിയൽ
* മണമുള്ള പൂക്കൾ / മണമില്ലാത്ത പൂക്കൾ തിരിച്ചറിഞ്ഞ് രേഖപ്പെടുത്തുന്നു, കണ്ടെത്തുന്നു, ശേഖരിക്കുന്നു, നിഗമനത്തിൽ എത്തിച്ചേരുന്നു.

## ഒക്ടോബർ

* ചെടികളുടെ വേര്, തണ്ട്, ഇല, പൂവ്, കായ് തുടങ്ങിയ ഭാഗങ്ങൾ ഇതെന്ന് കണ്ടെത്തുന്നു. ചിത്രീകരിക്കുന്നു. വിശദമാക്കുന്നു.
* പലതരം ചെടികൾ ഇതെന്ന് കണ്ടെത്തുന്നു.

## നവംബർ

* പൂക്കളുടെ സാദൃശ്യവ്യത്യാസങ്ങൾ കണ്ടെത്തൽ, നിറത്തിന്റെ അടിസ്ഥാനത്തിൽ
* വീട്ടിൽ രക്ഷിതാവിന്റെ സഹായത്തോടെ അടുക്കളത്തോട്ടം നിർമ്മിച്ച് photo whatsapp ഗ്രൂപ്പിൽ share ചെയ്യൽ.
* ചെടികൾ എന്തൊക്കെ നട്ടാണ് ഉണ്ടാകുന്നത് എന്ന് തിരിച്ചറിയൽ

## ഡിസംബർ

* ചെറിയ പൂക്കൾ / വലിയ പൂക്കൾ / ഒറ്റയായത് / കുലയായത് / മണമുള്ളത് / മണമില്ലാത്തത് / ഔഷധ ഗുണമുള്ളത് തിരിച്ചറിയൽ, ഇതളുകളുടെ എണ്ണം തിരിച്ചറിയൽ, രാത്രിയിൽ വിരിയുന്ന പൂക്കൾ എന്നിങ്ങനെ പട്ടികപ്പെടുത്തൽ

## ജനുവരി

* ഔഷധത്തോട്ടം നിർമ്മാണം
* ആഹാരത്തിനാവശ്യമായി ഉപയോഗിക്കുന്ന ചെടികൾ / അല്ലാത്തവ കണ്ടെത്തൽ

* പൂക്കളുടെ ശേഖരണ പുസ്തകം തയ്യാറാക്കൽ
* പൂക്കളുടെ നിറം അടിസ്ഥാനത്തിൽ 'എന്റെ പരിസരപഠന പുസ്തകത്തിൽ' എഴുതിച്ചേർക്കൽ
* ലഘുപരീക്ഷണങ്ങളിൽ ഏർപ്പെടൽ
* CPTA യിൽ "എന്റെ പൂക്കൾ" ആൽബം നിർമ്മാണം
* "എന്റെ പരിസരപഠനം പുസ്തകം" പരിചയപ്പെടുത്തൽ

എന്റെ പരിസരപഠന പുസ്തകത്തിൽ എന്തെല്ലാം ഉൾപ്പെടുത്താം. ?

* പൂക്കളുടെ പേരുകൾ, * ചെടികളുടെ പേരുകൾ
* മരങ്ങളുടെ പേരുകൾ * പൂക്കളുടെ ചിത്രങ്ങൾ
* പൂക്കളെ തരംതിരിച്ച് പട്ടികപ്പെടുത്തൽ
* ചെടികളുടെ പ്രത്യേകത കണ്ടെത്തി എഴുതൽ
* ചെടിയുടെ ചിത്രം വരച്ച് ഭാഗങ്ങൾ രേഖപ്പെടുത്തൽ
* പൂക്കളെ പലതരത്തിൽ വർഗീകരിച്ച് പട്ടികപ്പെടുത്തൽ
* പൂക്കളെ വരയ്ക്കൽ, നിറം നൽകൽ
* പൂക്കളുമായി ബന്ധപ്പെട്ട കവിതകൾ.

മാർച്ച്

* 'എന്റെ പരിസരപഠനം പുസ്തകം', എന്റെ ആൽബം - 'പൂക്കൾ' പതിപ്പ് - CPTA യിൽ പ്രദർശനം
* ചുറ്റുപാടും പലതരം ചെടികൾ, പൂക്കൾ ഉണ്ടെന്ന ഉള്ള വ്യക്തമായ ധാരണ ഉറപ്പിക്കാൻ കഴിയുന്നു.

# ക്ലാസ്സ് : 2

# അക്കാദമിക
# പ്രവർത്തന കലണ്ടർ

- വായനോത്സവം — ജൂൺ മുതൽ മാർച്ച്
- പാട്ടരങ്ങ് — ജൂൺ to ഡിസംബർ.
- റീഡേഴ്സ് തിയേറ്റർ — ആഗസ്റ്റ് to മാർച്ച്.
- വിജയ സ്പർശം — ജൂലൈ to ഫെബ്രുവരി
- ഭാഷോത്സവം — ജനുവരി to മാർച്ച്.
- ഗണിത കേളികൾ — ജൂൺ to മാർച്ച്.
- ഗണിത കിറ്റ് — ജൂൺ to മാർച്ച്.
- ശുചിത്വ സർവ്വേ — ജൂൺ - ജൂലൈ.
- പ്രകൃതി നടത്തം — സെപ്റ്റംബർ.
- അഭിമുഖം (കർഷകൻ) — ജനുവരി.
- പരീക്ഷണം — ജൂൺ - ഫെബ്രുവരി.

സമഗ്ര ഗുണമേന്മ വിദ്യാഭ്യാസം കാര്യക്ഷമമാക്കി നടപ്പാക്കുന്നതി-
നായി 3-06-2025 മുതൽ 13-06-2025 വരെ

രണ്ടാം ക്ലാസിൽ നടത്തുന്ന പ്രവർത്തനങ്ങൾ

03-06-2025 - പൊതു വിഷയങ്ങൾ

- സ്കൂളിനെ, കൂട്ടുകാരെ പരിചയപ്പെടാൻ അവസരം നൽകുന്നു.
- അവധിക്കാല അനുഭവം പങ്കിടൽ.
- സ്കൂളും പരിസരവും നിരീക്ഷിക്കൽ

4-06-2025 - റോഡ് സുരക്ഷ.

- റോഡിലൂടെ യാത്ര ചെയ്യുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ - ബോധവത്കരണ ക്ലാസ്.
- ട്രാഫിക് സിഗ്നൽ പരിചയപ്പെടുന്നു. ചിത്രം വരച്ച് വരക്കുന്നു.

5-06-2025 - വ്യക്തിശുചിത്വം, പരിസര ശുചിത്വം.

- ശുചിത്വവുമായി ബന്ധപ്പെട്ട പാട്ട് ടീച്ചറോടും ചേർന്ന് പാടുന്നു.
- വീഡിയോ ഷോ - വ്യക്തിശുചിത്വം.,
- പ്രകൃതി നടത്തം - കടലുണ്ടിപ്പുഴയോരം.

9-6-2025 - പൊതു ആരോഗ്യം.

- പോഷകാഹാരങ്ങൾ പരിചയപ്പെടുന്നു.
- വ്യായാമം - ചെയ്യുന്നു
- ആരോഗ്യ ശീലങ്ങൾ - ക്ലാസ് നൽകുന്നു.

# അക്കാദമിക മാസ്റ്റർ പ്ലാൻ

## ഗണിതം - ക്ലാസ് - 2

---

ഗണിത പഠനം രസകരവും ആസ്വാദ്യകരവുമായി കുട്ടി കൈകാര്യം ചെയ്യണം എന്നത് മുന്നിൽകണ്ട്-കൊണ്ട് തന്നെയാണ് 'ഉല്ലാസ ഗണിതം' എന്ന പദ്ധതിയും മുന്നോട്ട് വന്നത്. ഓരോ പഠനഘട്ട-ത്തിലൂടെയും ഗണിതശേഷികൾ ഉൾക്കൊണ്ട് തന്നെയാവണം കുട്ടി പഠിക്കേണ്ടത് എന്നതിന് ഒരു മാർഗ്ഗ സഹായിയാണ് അക്കാദമിക മാസ്റ്റർ പ്ലാൻ

## പ്രവർത്തന ലക്ഷ്യങ്ങൾ

- രണ്ടാം ക്ലാസിലെ കുട്ടിയെ 100 വരെയുള്ള സംഖ്യാബോധം, സംഖ്യകളുടെ സ്ഥാനനിർണയം, സങ്കലനം, വ്യവകലനം, പ്രശ്നാപഗ്രഥനം, ഹരിണന-യുള്ള ശേഷി ഉറപ്പാക്കൽ
- സംഖ്യാബോധവും, ക്രിയാശേഷികളും എളുപ്പത്തിൽ നേടിയെടുക്കുന്നതിന്
- ഗണിതകിറ്റ് ഉപയോഗിച്ച് ഗണിതശേഷികൾ ഉറപ്പിക്കൽ
- ഒരു നിശ്ചിത സംഖ്യയിൽ നിന്ന് ക്രമമായി എണ്ണുന്നു, എഴുതുന്നു.

[100 ന് താഴെ]

## മുന്നൊരുക്കം

* സർവ്വേ നടത്തുന്നു. ഒരു, നാലാം ക്ലാസ്സിൽ ഉള്ള കുട്ടികളെയും കണ്ടെത്തുന്നു.
* കുട്ടികളുടെ നിലവിലുള്ള അവസ്ഥ, കഴിവുകൾ പരിമിതികൾ എന്നിവ CPTA നടത്തി രക്ഷാകർത്താക്കൾക്ക് ലഭ്യമാകുന്നതിനുള്ള അവസരമൊരുക്കുന്നു.

## പ്രവർത്തന ലക്ഷ്യം.

* രണ്ടാം ക്ലാസിലെ ഓരോ കുട്ടിയും സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞും അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നതിന്.

### * ജൂൺ *

* ചിത്രകാർഡുകൾ നൽകൽ. (ചിത്രവും പദവും ഉൾക്കൊണ്ട്.)
* ഭാഷണത്തിന് ക്ലാസിൽ അവസരമൊരുക്കൽ.
* വായനാ മൂലകൾ നിർമ്മിക്കൽ.
* വായനയും എഴുത്തും വികസിപ്പിക്കാനുള്ള തന്ത്രങ്ങൾ വികസിപ്പിക്കൽ.
* പാട്ടരങ്ങ്.

### * ജൂലൈ *

* ഭാഷയുമായി ബന്ധപ്പെട്ട ICT സാധ്യത ഉറപ്പാക്കുന്നു.
* ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് വായനക്കുറിപ്പ് തയ്യാറാക്കലിനും സാധ്യത ഉറപ്പാക്കുന്നു.
* സ്കൂൾ ലൈബ്രറി, ക്ലാസ് ലൈബ്രറി എന്നിവ പ്രയോജനപ്പെടുത്തുന്നു.

* ഓഗസ്റ്റ് *

* ക്ലാസ് ലൈബ്രറി പ്രവർത്തനക്ഷമമാക്കൽ.
* രക്ഷിതാക്കളുടെ സഹായം (Birthday gift, etc) ഉറപ്പു വരുത്തൽ.
* ചിത്ര വിവരണം.
* വ്യത്യസ്ത വ്യവഹാര രൂപങ്ങൾ ഉണ്ടാക്കുന്നു.
* റീഡേഴ്സ് തിയേറ്റർ

* സെപ്റ്റംബർ *

* വായിച്ചറിഞ്ഞ കഥയെ ചിത്രീകരിക്കൽ
* വായിച്ച കഥയിൽ നിന്ന് സംഭാഷണം ഒരുക്കൽ.
* വായിച്ച കഥയിൽ നിന്ന് ചോദ്യങ്ങൾ ഉണ്ടാക്കൽ.
* വായിച്ച കഥാപാത്രങ്ങൾക്ക് ഭാവാവിഷ്കാരം ചെയ്യൽ.

* ഒക്ടോബർ *

* കേട്ടതോ, വായിച്ചതോ ആയ കഥകൾ, സംഭാഷണങ്ങൾ തുടങ്ങിയവ സ്വന്തം ഭാഷയിൽ വാക്കുകളായി അവതരിപ്പിക്കുന്നതിനുള്ള അവസരം ഒരുക്കൽ.
* വിവിധ തരത്തിലുള്ള ചേർത്ത് വലുതാക്കാൻ ഉതകുന്ന നിർദ്ദേശങ്ങൾ നൽകുന്നു.

ഉദാ: ആന
വലിയ ആന
കറുത്ത വലിയ ആന
..... ..... .....
..... ..... .....

* നവംബർ *

* കുട്ടികളിൽ സ്വതന്ത്രമായ സർഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടാനുള്ള അവസരം ഒരുക്കുന്നു.

* ഡിസംബർ *

* ഭാഷയുടെ വിവിധ തലങ്ങളിൽ എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ചെയ്യുന്നു.
* ലേഖന പ്രവർത്തനങ്ങളിൽ ഏർപ്പെട്ട് വ്യക്തിഗത മാഗസിനുകൾ തയ്യാറാക്കാൻ അവസരം ഒരുക്കുന്നു.

* ജനുവരി *

* വരികൾ കൂട്ടിച്ചേർത്ത് പാടുന്നതിനും എഴുതുന്നതിനുമുള്ള അവസരം ഒരുക്കൽ. (കവിതാ രചന)
* ലഘു വിവരണങ്ങൾ, പ്രബന്ധങ്ങൾ എഴുതുന്നതിനും വായിക്കുന്നതിനുമുള്ള അവസരം ഒരുക്കൽ.

* ഫെബ്രുവരി *

* എല്ലാ മേഖലയിലും കുട്ടികൾ എത്തിയോ എന്ന് ഉറപ്പ് വരുത്തൽ. (ഭാഷണം, ലേഖനം, എഴുത്ത്)
* കുട്ടികളിൽ സ്വതന്ത്രമായ സർഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനുള്ള അവസരം ഒരുക്കൽ.

* മാർച്ച് *

* വ്യക്തിഗത രചനകളെ പ്രോത്സാഹിപ്പിക്കൽ
* ഓരോ കുട്ടിയും ഓരോ പതിപ്പുകൾ, കൈയെഴുത്ത് മാസിക, മാഗസിനുകൾ തയ്യാറാക്കൽ.
* വീട്ടുവായന, കൂട്ടുവായന, നാട്ടുവായന, മൗനവായന, ചിത്രവായന എന്നിവ പ്രോത്സാഹിപ്പിക്കൽ.
* ക്ലാസ് ലൈബ്രറി ശക്തിപ്പെടുത്തൽ
* ഇംഗ്ലീഷ് മാസിക ഓരോ കുട്ടിയും തയ്യാറാക്കൽ.

# മലയാളം

പൊതുവിദ്യാഭ്യാസത്തെ മുഖ്യധാരയിലെത്തിക്കാൻ കുട്ടികളിൽ ഭാഷാവികാസം, ശാസ്ത്രീയ മേഖല, സർഗാത്മക മേഖല വൈകാരിക മേഖല എന്നീ മേഖലകളിൽ കുട്ടികളുടെ ശേഷി പരിഗണിച്ചാണ് ക്ലാസിലെ ഇടപെടലുകൾ നടത്തുന്നത്. കുട്ടികൾക്ക് ശേഷി വികസനങ്ങൾ നൽകിയാണ് ഓരോ കുട്ടിയുടെയും സമഗ്രമായ വികാസമാണ് ഈ വർഷം ലക്ഷ്യമിടുന്നത്. എല്ലാ വിഷയത്തിലും മികവുകൾ നേടി ഒരു നല്ല വിദ്യാഭ്യാസത്തിന്റെ ഉടമയായി ഓരോ കുട്ടിയും എല്ലാ തലങ്ങളിലും മികവുറ്റവനായി തീരണം. അതാണ് ലക്ഷ്യം.

## പ്രവർത്തന ലക്ഷ്യങ്ങൾ

* രണ്ടാം ക്ലാസിലെ ഓരോ കുട്ടിയും സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതുകയും പറയുകയും അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നതിന്.
* എല്ലാ കുട്ടികളുടെയും ആശയ ഗ്രഹണ വായന ഉറപ്പാക്കുക
* എല്ലാ കുട്ടികളെയും തെറ്റുകളില്ലാതെ ക്ലാസ് നിലവാരത്തിലുള്ള വ്യവഹാര രൂപങ്ങൾ തയ്യാറാക്കാൻ കഴിവുള്ളവരാക്കുക.
* വർഷാവസാനം സ്വതന്ത്രമായ ലേഖനത്തിൽ ഏർപ്പെടുകയും വ്യക്തിഗതമായ രചനകളിൽ ഏർപ്പെടുകയും ചെയ്യുന്നു.
* ചിത്രത്തെ ആസ്പദമാക്കി സംഭാഷണം, ലഘുവിവരണം, കഥ എന്നിവ തയ്യാറാക്കുന്നു.
* ആശയം, ഈണം, താളം എന്നിവ പരിഗണിച്ച് വരികൾ കൂട്ടിച്ചേർത്ത് കവിതകൾ എഴുതുകയും ചൊല്ലുകയും ചെയ്യുന്നു. (കവിതാപൂരണം)

• ഒരു സംഖ്യയോട് ഒന്ന് മറ്റൊരു സംഖ്യ കൂട്ടിയാൽ വ്യത്യസ്ത തരത്തിൽ ഉത്തരങ്ങൾ കൈവരിക്കാൻ നന്നായും പല മേഖലയിൽ ചിന്തിക്കുവാൻ.

• പ്രായോഗിക ഗണിത പ്രശ്നങ്ങൾ പരിഹരിക്കുന്നു. വ്യത്യസ്ത രീതിയിൽ പ്രയോഗപ്പെടുത്തൽ.

മുന്നൊരുക്കം

ഗണിതശേഖരങ്ങളിൽ കൂടി കൈവരിച്ച തിരിച്ചറിവിൽ പ്രവർത്തനങ്ങൾ നടത്തുന്നു.

പ്രവർത്തന ലക്ഷ്യം

പ്രായോഗിക ഗണിത പ്രശ്നങ്ങൾ പരിഹരിക്കുന്നു. വ്യത്യസ്ത രീതിയിൽ പ്രയോജനപ്പെടുത്തൽ.

June

- 1, 2, 3, 4, 5 .....
